*പൊതു വിദ്യാഭ്യാസ*
*ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കണ്ടറി വിഭാഗം,*
*ഹൗസിങ് ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

*No. ICT Cell/1771/3/DGE-HSS/2021* *16/11/2021*

# സർക്കുലർ

**വിഷയം: തമിഴ്നാട് സംസ്ഥാന ബോർഡിൽ നിന്നും 2021 മാർച്ചിൽ പത്താം ക്ലാസ്സ് പാസ്സായ വിദ്യാർത്ഥികളുടെ പ്ലസ്‌വൺ പ്രവേശനം സംബന്ധിച്ച് : നിർദ്ദേശങ്ങൾ**

സൂചന:1)സ.ഉ.(സാധാ) നം.3667 / 2021 / പൊ.വി.വ തീയതി 12/8/2021 അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ പ്രോസ്പക്ടസ്.

2) സ.ഉ.(സാധാ) നം.5152 / 2021 / പൊ.വി.വ തീയതി 16/11/2021

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ തമിഴ്നാട് സർക്കാർ പത്താം ക്ലാസ്സ് പൊതു പരീക്ഷ ഒഴിവാക്കിയിരുന്നു. എല്ലാ വിദ്യാർത്ഥികൾക്കും പത്താം ക്ലാസ്സ് പാസ്സായ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. എന്നാൽ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റിൽ ഗ്രേഡോ / മാർക്കോ ഉൾപ്പെടുത്തിയിരുന്നില്ല.ഹയർ സെക്കണ്ടറി ഒന്നാം വർഷ പ്രവേശനത്തിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് പത്താം ക്ലാസിലെ പൊതു യോഗ്യതാ പരീക്ഷയിൽ വിദ്യാർത്ഥി കരസ്ഥമാക്കിയ ഗ്രേഡോ / മാർക്കോ ഉപയോഗിച്ചാണ്. അതിനാൽ പ്രസ്തുത വിദ്യാർത്ഥികളെ ഹയർസെക്കണ്ടറി പ്രവേശനത്തിന് പരിഗണിക്കുവാൻ സാധിച്ചിരുന്നില്ല.

2021 മാർച്ചിൽ തമിഴ്നാട് സംസ്ഥാന ബോർഡിൽ നിന്നും പത്താം ക്ലാസ് പാസ്സ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതിനാൽ മിനിമം പാസ്സ്മാർക്ക്/ഗ്രേഡ് അതായത് ഡി പ്ലസ് നൽകി അപേക്ഷകൾ പ്ലസ്‌വൺ പ്രവേശനത്തിന് പരിഗണിക്കുവാൻ സൂചന 2 സർക്കാർ ഉത്തരവിലൂടെ നിർദ്ദേശിക്കുകയുണ്ടായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ 2021 മാർച്ചിൽ തമിഴ്നാട് സംസ്ഥാന ബോർഡിൽ നിന്നും പത്താം ക്ലാസ് പാസായ വിദ്യാർത്ഥികൾക്ക് ഹയർസെക്കണ്ടറി ഒന്നാം വർഷ പ്രവേശനത്തിനായി മെരിറ്റ് ക്വാട്ട/ മാനേജ്മെൻറ് ക്വാട്ട/അൺ-എയ്ഡഡ് ക്വാട്ട എന്നിവയിൽ പ്രവേശനം നേടുന്നതിന് പ്രത്യേക അവസരം നൽകുന്നു. **മാനേജ്മെൻറ് ക്വാട്ട/അൺ-എയ്ഡഡ് ക്വാട്ട** എന്നിവയിൽ പ്രവേശനം നേടുന്നതിന് അതത് സ്കൂളുകളിൽ 2021 നവംബർ 19 ന് വൈകിട്ട് 4 മണിക്കു മുൻപായി അപേക്ഷ സമർപ്പിച്ച് പ്രവേശനം തേടേണ്ടതാണ്.

**മെരിറ്റ് ക്വാട്ട** പ്രവേശനത്തിനായി വെബ്സൈറ്റിലെ **"Create Candidate Login-SWS"** എന്ന ലിങ്കിലൂടെ കാൻഡിഡേറ്റ് ലോഗിൻ രൂപീകരിച്ച് **APPLY ONLINE-SWS** എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ അന്തിമമായി സമർപ്പിക്കണം. രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനനായുള്ള വേക്കൻസികൾ **2021 നവംബർ 17 ന് രാവിലെ 9**

**മണിയ്ക്ക്** വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.. ഈ വേക്കൻസിക്കനുസൃതമായി വേണം ഓപ്ഷനുകൾ നൽകേണ്ടത്. **സപ്ലിമെൻററി അലോട്ട്മെൻറിനായി പ്രസിദ്ധീകരിക്കുന്ന ഒഴിവുള്ള സ്കൂൾ / കോമ്പിനേഷനുകൾ മാത്രമേ ഓപ്ഷനുകളായി തിരഞ്ഞെടുക്കുവാൻ കഴിയുകയുള്ളു.**അപേക്ഷകൾ **2021 നവംബർ 17 ന് രാവിലെ 10 മണി മുതൽ നവംബർ 19 ന് വൈകിട്ട് 4 മണിവരെ** സമർപ്പിക്കാവുന്നതാണ്.

**അപേക്ഷകർക്ക് സപ്ലിമെൻററി അലോട്ട്മെൻറിന് അപേക്ഷിക്കുവാനും മറ്റും വേണ്ട നിർദ്ദേശങ്ങളും സാങ്കേതിക സഹായങ്ങളും സ്കൂൾ ഹെൽപ്ഡെസ്കുകളിലൂടെ നൽകാൻ വേണ്ട സജ്ജീകരണങ്ങൾ കോവിഡ് –19 ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിച്ച് സ്കൂൾ പ്രിൻസിപ്പൽമാർ സ്വീകരിക്കേണ്ടതാണ്.**

പൊതുവിദ്യാഭ്യാസ ഡയറക്ടർ